കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടവണ്ണ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം.5/12/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 22-01-19

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടവണ്ണ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.5/12/2019

തിയ്യതി: 22-01-2019

**മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.07.2017 മുതൽ 20.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 21-12-2018 മുതൽ 03-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള. എ സി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുസ്സലാം. പി | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.റസിയ ബഷീർ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഫാസിൽ ഷാ.ഐ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ഫാസിൽ ഷാ.ഐ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.അവിസന്ന.പി | 01.04.2017 മുതൽ 31.08.2017 വരെ |
| | ശ്രീമതി. ഷൈനി വിശ്വംഭരൻ | 01.09.2017 മുതൽ 29.11.2017 വരെ |
| | ഒഴിവ് | 30.11.2017 മുതൽ 31.12.2017 വരെ |
| | ശ്രീമതി. വിമലാദേവി. എ.ജി | 01.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സജീഷ്.സി | 01.04.2017 മുതൽ 08.05.2017FN വരെ |
| | ശ്രീ.രായിൻകുട്ടി കെ.ടി | 08.05.2017AN മുതൽ 24.05.2017FN വരെ |
| | ശ്രീ.ഷെരീഫ് ഉമ്മിണിയിൽ | 24.05.2017AN മുതൽ 04.07.2017 വരെ |
| | ശ്രീ.ഉസ്മാൻ പി | 05.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൂരജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുബ്രഹ്മണ്യൻ പാട്ടകണ്ണി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശുഭ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. മൻസൂർ അലി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജുമീലത്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുജാത മണിയിൽ | 01.04.2017 മുതൽ 20.09.2017 വരെ |
| | ശ്രീമതി.പുഷ്പജ സി | 21.09.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | കെ.നിസാർ | 01.04.2017 മുതൽ 24.04.2017 വരെ |
| | സുബൈർ ബാബു. കെ | 25.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. രാജേഷ്.കെ | 01.04.2017 മുതൽ 21.11.2017 വരെ |
| | ശ്രീമതി.സനീജ പി | 22.11.2017 മുതൽ 15.12.2017 വരെ |
| | ശ്രീ.കൃഷ്ണദാസ് പി | 16.12.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സജിനി. ഒ | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | തൊഴിൽ നികുതി-ഈടാക്കിയില്ല | 2-1 |
| 14 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-2 |
| 15 | പൗൾട്രി ഫാം ലൈസൻസ് നൽകൽ - ഫീസ് കുറവായി ഈടാക്കി | 2-3 |
| 16 | രസീത് പുസ്തകങ്ങൾ, കളക്ഷൻ രജിസ്റ്ററുകൾ - അപാകതകൾ | 2-4 |
| 17 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു-13,009/-രൂപയുടെ നഷ്ടം | 2-5 |
| 18 | കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതി കുറച്ച് കാണിച്ച് നികുതി നിർണ്ണയിച്ചു-4899/- രൂപ നഷ്ടം | 2-6 |
| 19 | മേഖല തെറ്റായി കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചു-1854/-രൂപ നഷ്ടം | 2-7 |
| 20 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ. | 2-8 |
| 21 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും സബ്ട്രഷറി ഓഫീസ് പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിന് വാടകയും സേവന നികുതിയും ഈടാക്കുന്നില്ല. | 2-9 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല | 2-10 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 23 | കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കേണ്ടതാണ്. | 3-1 |
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 3-2 |
| 25 | RIDF പ്രവൃത്തി - തുക ലഭിച്ച വിവരം ലഭ്യമല്ല. | 3-3 |
| 26 | MGNREGS – മെറ്റീരിയൽ സംഭരണം സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-4 |
| 27 | കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമായിട്ടില്ല. | 3-5 |
| 28 | ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല. | 3-6 |
| 29 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 3-7 |
| 30 | മുൻകൂർ നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമല്ല. | 3-8 |

| | | |
|---|---|---|
| 31 | NREGS കോൺക്രീറ്റ് പ്രവൃത്തി - വൻതുക ലാഭം | 3-9 |
| 32 | പരിരക്ഷ പ്രൊജക്ട് അപാകതകൾ | 3-10 |
| 33 | മരുന്നുകൾ ലഭ്യമാക്കൽ - പുരോഗതി വിവരം അറിയിക്കേണ്ടതാണ് | 3-11 |
| 34 | എസ്.സി വിവാഹധനസഹായം - അധിക തുക അനുവദിച്ചു | 3-12 |
| 35 | തെരുവ് വിളക്ക് നവീകരണം-രേഖകൾ ലഭ്യമാക്കിയില്ല | 3-13 |
| 36 | ഹരിത കേരളം-പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചില്ല | 3-14 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 48 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 49 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 50 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|---|
| 1/1(1) Dtd. 27.03.2017 | 4(1) Dtd. 04-03-2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 21.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ

വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 വരെ. | കെ.എസ്.എ.എം.പി.എം 5/1256 /2018/06.09.2018 |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27794444 |
| വരവ് | 98124972 |
| ആകെ | 125919416 |
| ചെലവ് | 116311045 |
| നീക്കിബാക്കി | 9608371 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19888000 | 19888000 | 16491946 | 3396054 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10376659 | 10376659 | 8675229 | 1701430 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 947615 | 947615 | 943674 | 3941 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 20021000 | 20021000 | 19942214 | 78786 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4443000 | 4443000 | 4352706 | 90294 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9339551 | 9339551 | 7641410 | 1698141 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1049705 | 1049705 | 1042451 | 7254 |
| ട്രഷറി ടി.എസ്.ബി | 16888830 | 20782525 | 37671355 | 36370423 | 1300932 |
| കനറാ ബാങ്ക്-സാക്ഷരത | 58833 | 0 | 58833 | 0 | 58833 |
| SMGB-ടി.എസ്.സി | 379715 | 15375 | 395090 | 0 | 395090 |
| എൻ.ആർ.ഇ.ജി.എസ് | 55525 | 7958495 | 8014020 | 8012707 | 1313 |
| SMGB-ഐ.എ.വൈ | 5142 | 208 | 5350 | 0 | 5350 |
| ഐ.സി.ഡി.എസ് | 777047 | 2169220 | 2946267 | 1070777 | 1875490 |
| ബി ഫണ്ട് | 0 | 56189040 | 56189040 | 56189040 | 0 |
| SBT-തനത് ഫണ്ട് | 9802281 | 18552815 | 28355096 | 20911925 | 7443171 |
| SCB-തനത് ഫണ്ട്-കുടുംബശ്രീ | 4991 | 150 | 5141 | 20 | 5121 |
| SCB-തനത് ഫണ്ട് | 401 | 0 | 401 | 0 | 401 |
| SBT-തനത് ഫണ്ട്-E-payment | 65279 | 51061 | 116340 | 8401 | 107939 |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 1034710 | 1034710 | 866260 | 16845 (151605 രൂപ Redemption തുക സർക്കാർ തിരിച്ചു പിടിച്ചു). |
| | ജില്ലാ പഞ്ചായത്ത് | 0 | 500000 | 500000 | 497700 | 2300 |
| കുറിപ്പ്: ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി RP31 പ്രകാരം 1267950 രൂപ (A/C-320700204), 191760 രൂപ (A/C-320700404) ലഭിച്ചിരുന്നതിൽ 425000 രൂപ തെറ്റായി ലഭിച്ചതു കാരണം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 167950 രൂപ നിലവിൽ പദ്ധതിയിൽ വകയിരുത്താത്തത് കാരണം ചെലവഴിച്ചിട്ടില്ല. | | | | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 116094541 | 171 | 78832193 | 114 | 9 | 57.82 |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ച്ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 55525 | 393216 | 448741 | 447428 | 1313 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7565279 | 7565279 | 7565279 | 0 |
| ആകെ | 55525 | 7958495 | 8014020 | 8012707 | 1313 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 161040 | 271 |
| കർഷകതൊഴിലാളിപെൻഷൻ | 4868500 | 431 |
| വിധവാപെൻഷൻ | 15064400 | 1262 |
| വാർദ്ധക്യകാലപെൻഷൻ | 28871200 | 2295 |
| വികലാംഗപെൻഷൻ | 5808900 | 473 |
| വിവാഹ ധനസഹായം | 1080000 | 36 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 314000 | 37 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക്,വാട്ടർ ടാപ്പുകൾ എന്നിവയുടെ വിവരം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
3. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല, ട്രൈഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 | 01.11.2018 മുതൽ 30.11.2018 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.06.2017 മുതൽ 23.06.2017 വരെ | 2012 - 13 മുതൽ 2016 - 17 വരെ | 03.08.2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം 5/1256/2018/06.09.2018 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച വാർഷികകണക്കുകളിലെ ചുവടെ ചേർത്ത അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

1.അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ്(I-1) | കളക്ഷൻ(RP43) | ബാലൻസ് | B15 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| പ്രോപ്പർട്ടി ടാക്സ് (R) | 1907522 | 1941281 | 33759 | 99106 |
| പ്രോപ്പർട്ടി ടാക്സ് (NR) | 3897834 | 3288400 | 609434 | 164996 |
| പ്രോപ്പർട്ടി ടാക്സ് (R-Arrear) | 966186 | 888225 | 77961 | 49141 |
| പ്രോപ്പർട്ടി ടാക്സ് (NR-Arrear) | 2790363 | 1734248 | 1056115 | 210356 |
| തൊഴിൽ നികുതി (Current-Traders) | 681610 | 426870 | 254740 | nil |
| തൊഴിൽ നികുതി (Arrear-Traders) | 1721284 | 1704784 | 16500 | nil |
| തൊഴിൽ നികുതി (Employees) | --- | 1250 | (-)1250 | nil |
| വിനോദ നികുതി | 22410 | 15410 | 7000 | nil |

2.മുൻവർഷ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-15 പ്രകാരം ട്രെഡേഴ്സിന്റെ തൊഴിൽ നികുതിയിനത്തിൽ 254923/- രൂപയും അതർ ഫീസ് ഇനത്തിൽ 52500/- രൂപയും അഡ്വാൻസ് കളക്ഷൻ ഉണ്ടായിരുന്നു. എന്നാൽ ഈതുകകൾ തൻവർഷത്തെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.വിവിധയിനങ്ങളിൽ പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽപ്രൊവിഷൻ വെച്ചിട്ടില്ല.

4. മെഡിക്കൽ ഓഫീസർ പി.എച്ച്.സി-യുടെ ടി.ആർ7 എ കാഷ് ബുക്ക് എഴുതി തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5.അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ(റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ കൂടെ സമർപ്പിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി-ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ/സ്ഥാപന നികുതി ഓഡിറ്റ് വർഷത്തിൽ ചില വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല, ചില വ്യക്തികളിൽ നിന്നും വരുമാനത്തിനനുസരിച്ചല്ല ഈടാക്കിയത്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർ വളരെ കുറഞ്ഞ അർദ്ധ വാർഷിക വരുമാനമാണ് രേഖപ്പെടുത്തിയത് (ഉദാ: കോശമറ്റം ഫിനാൻസ്, ഒരു ജീവനക്കാരന്റെ അർദ്ധ വർഷ വരുമാനം-7000/-, ക്രസന്റ് പബ്ലിക് സ്കൂൾ-15000/-).

1) ചുവടെ ചേർത്ത ജീവനക്കാരനിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമം | ജീവനക്കാരന്റെ പേര് | തസ്തിക,സ്ഥാപനം | അർദ്ധ വർഷം,വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | അജേഷ് | സീനി.അസിസ്റ്റന്റ്, മണപ്പുറം ഫിനാൻസ് | II – 61668/- | 450 | 600 | 150 |
| 2 | ദീപ്തി | SWOA, കനറാ ബാങ്ക് | II – 128142/- | 1000 | 1250 | 250 |
| 3 | ദീപ്തി | SWOA, കനറാ ബാങ്ക് | I – 127482/- | 600 | 1250 | 650 |
| ആകെ കുറവ് | | | | | | 1050 |

കുറവ് വന്ന 1050/-രൂപ ഈടാക്കി അറിയിക്കേണ്ടതും നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

2) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ജി.എം.യു.പി സ്കൂൾ ഉവ്വക്കാട് | I, II |
| 2 | റോയൽ പബ്ലിക് സ്കൂൾ, കല്ലിട്ടുമ്പ് | I, II |
| 3 | പത്തപ്പിരിയം സർവ്വീസ് സഹകരണ സംഘം | I |
| 4 | ജാമിഅ നദ് വിയ്യ ആർട്സ് & സയൻസ് കോളേജ് | I, II |
| 5 | റേഷൻ കടകൾ | I, II |

3) ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I, II |
| 2 | ഇ.എം.സി ആശുപത്രി, എടവണ്ണ | II |
| 3 | രാജഗിരി ആശുപത്രി, എടവണ്ണ | I, II |
| 4 | റോയൽ പബ്ലിക് സ്കൂൾ, കല്ലിട്ടുമ്പ് | I, II |
| 5 | മാവേലി സ്റ്റോർ, ഒതായി | II |

| | | |
|---|---|---|
| 6 | റേഷൻ കടകൾ | I, II |
| 7 | എടവണ്ണ പ്രൈവറ്റ് ഐ.ടി.ഐ, കുണ്ടുതോട് | I. II |
| 8 | ജാമിഅ നദ് വിയ്യ ആർട്സ് & സയൻസ് കോളേജ് | I, II |

മേൽ സ്ഥാപനങ്ങൾ / ജീവനക്കാർ തൊഴിൽ/സ്ഥാപന നികുതികൾ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം അക്കാര്യം അറിയിക്കേണ്ടതും അല്ലാത്ത പക്ഷം തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കേണ്ടതും അതാതു അർദ്ധ വർഷം ടി നികുതികൾ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടു കൊണ്ടു സെക്രട്ടറിക്കു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.04/26.12.18) മറുപടി ലഭ്യമാക്കിയിട്ടില്ല.സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കുമ്പോൾ അർദ്ധ വർഷ വരുമാനം രേഖപ്പെടുത്തിയത് വസ്തുതാപരമാണോ എന്ന് പരിശോധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് - അപാകതകൾ

1) ഡി&ഒ ലൈസൻസ് -ഫീസ് കുറവായി ഈടാക്കി, അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ്(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ),1996 ചട്ടങ്ങൾ പ്രകാരം ഡി&ഒ ലൈസൻസിനായി സമർപ്പിച്ച ചുവടെ ചേർത്ത അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ല.

| ക്രമ നം | അപേക്ഷകന്റെ പേര്, കെട്ടിട നമ്പർ | ലൈസൻസ് നൽകിയതിന്റെ ഉദ്ദേശം | വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | ഈടാക്കാനവശേഷിച്ചിരുന്ന ഫീസ് |
|---|---|---|---|---|---|---|
| 1 | എൻ. കദീജ, 11/357(ഫിയാസ് ഫ്യൂവൽസ്- പത്തപ്പിരിയം) | പെട്രോൾ പമ്പ് നടത്തുന്നതിന് | 150000/- | 1000 | 4000 | 3000 |
| 2 | എടവണ്ണ എംപ്ലോയീസ് & റിട്ടയേഡ് എംപ്ലോയീസ് കൊ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ,എടവണ്ണ, 10/791-794 | പലചരക്ക് കച്ചവടം നടത്തുന്നതിന് | 20000/- | 100 | 500 | 400 |
| 3 | -ടി- പത്തപ്പിരിയം ബ്രാഞ്ച്, 12/488H,I | പലചരക്ക് കച്ചവടം നടത്തുന്നതിന് | 10000/- | 100 | 200 | 100 |
| 4 | -ടി- കുണ്ടുതോട് ബ്രാഞ്ച്, 6/332 | -ടി- | 10000/- | 100 | 200 | 100 |
| ആകെ കുറവ് | | | | | | 3600 |

മിക്ക അപേക്ഷകളിലും ഫീസ് നിർണയിക്കുന്നതിന് ആവശ്യമായ ഭാഗമായ വിറ്റുവരവ് വിവരം

രേഖപ്പെടുത്തിയിട്ടില്ല, ഇത്തരം അപേക്ഷകർക്കും ശരിയായ അന്വേഷണം നടത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിറ്റുവരവ് രേഖപ്പെടുത്താത്ത കെ.പി അയിഷ എന്ന അപേക്ഷകക്ക് പെട്രോൾ പമ്പ് നടത്തുന്നതിന്(കദീജ പെട്രോളിയം-എടവണ്ണ) വ്യക്തമായ അന്വേഷണം നടത്താതെ, ശരിയായ വിറ്റുവരവ് എത്രയെന്ന് പരിശോധിക്കാതെ 1000/- രൂപ ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

2) ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് ചൂണ്ടിക്കാണിച്ചു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/26.12.18 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന ആകെ തുക 3600/- രൂപ 29.12.18ലെ 118100107941, 28.12.18 ലെ 118100107925-27 എന്നീ രസീതുകൾ പ്രകാരം അടവാക്കിയതായും ഈ സാമ്പത്തിക വർഷം മുതൽ റേഷൻകടകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാനും ചട്ടങ്ങൾ പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പൗൾട്രി ഫാം ലൈസൻസ് നൽകൽ - ഫീസ് കുറവായി ഈടാക്കി

2017-18 സാമ്പത്തിക വർഷത്തെ പൗൾട്രി ഫാമുകളുടെ ലൈസൻസ് അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ലൈസൻസ് അനുവദിക്കുന്നതിൽ 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിരുന്നില്ല. 1001 മുതൽ 5000 വരെ കോഴികളെ വളർത്തുന്ന ക്ലാസ് IV-ൽ ഉൾപ്പെടുന്ന ഫാമുകൾക്ക് 250 രൂപയാണ് ലൈസൻസ് ഫീസ്. എന്നാൽ ക്ലാസ് IV-ൽ ഉൾപ്പെടുന്ന ചില അപേക്ഷകരുടെ ഫാമുകൾക്ക് 200 രൂപ ലൈസൻസ് ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിച്ചത്.

ആകെ 250/-(5x50)രൂപയുടെ കുറവുണ്ടായിരുന്നു. ചട്ടം 6 പ്രകാരം ഫാം ആരംഭിക്കുന്നതിന്റെ മുൻപായി ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കായി ഫോറം-1 ൽ അപേക്ഷ നൽകേണ്ടതും ടി അപേക്ഷകയിൽ ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ ഇനം,എണ്ണം,ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണം, കെട്ടിടത്തിന്റെ വിവരം, മാലിന്യ നിർമാർജ്ജന ക്രമീകരണം,ചുറ്റുവട്ടത്തെ ജനവാസ വിവരണം എന്നിവ ഉണ്ടായിരിക്കേണ്ടതും അപേക്ഷയോടൊപ്പം കെട്ടിടങ്ങളുടെ/ഷെഡുകളുടെ പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ചട്ടം 7 പ്രകാരം, അനുമതി ലഭിച്ച ശേഷം ലൈസൻസ് ലഭിക്കുന്നതിനായി ഫോറം-2 ൽ അപേക്ഷ സമർപ്പിക്കേണ്ടതും അനുമതി പ്രകാരമുള്ള നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെങ്കിൽ ഫോറം-3 ൽ ലൈസൻസ് അനുവദിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ചില അപേക്ഷകർ നിശ്ചിത ഫോറത്തിലല്ല അപേക്ഷ സമർപ്പിച്ചത്. ചട്ടം 4 ലെ പട്ടിക പ്രകാരം പൗൾട്രി ഫാമുകളിൽ 15 കോഴികൾക്ക് കുറഞ്ഞത് 1 സെന്റ് ഭൂമിയെങ്കിലും വേണ്ടതാണ്.

കുറവ് വന്ന തുക 250/-രൂപ 29.12.18ലെ 1181001079659-63 വരെ രസീതുകൾ പ്രകാരം അടവാക്കിയതായും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/26.12.18ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. ഫാമുകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-4 രസീത് പുസ്തകങ്ങൾ, കളക്ഷൻ രജിസ്റ്ററുകൾ - അപാകതകൾ

രസീത് പുസ്തകങ്ങളും അവയുടെ കളക്ഷൻ രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു.

| രസീത് പുസ്തകം കൈപ്പറ്റിയ ആളുടെ പേര് | രസീത് പുസ്തകത്തിന്റെ നമ്പർ | അപാകത |
|---|---|---|
| ശ്രീ. മോഹൻദാസ് | 18659 | 2018-19 സാമ്പത്തിക വർഷം അവസാനിക്കുന്നതിന്റെ മുൻപ് തന്നെ രസീത് നമ്പർ 74 മുതൽ 100 വരെയുള്ളവ കാൻസൽ ചെയ്തു. |
| ശ്രീമതി. ഷീബ | 18653 | 2017-18 സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീത് നമ്പർ 51 മുതൽ 100 വരെയുള്ളവ കാൻസൽ ചെയ്തിട്ടില്ല. |
| ശ്രീ. സതീഷ് | 9097 | 100 രസീതുകളുള്ളതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ടി പുസ്തകത്തിൽ, 2017-18 സാമ്പത്തിക വർഷം അവസാനിച്ച ശേഷം കാൻസൽ ചെയ്ത രസീത് നമ്പർ 100 ന്റെ അസ്സൽ ഇല്ല. |
| ശ്രീ. സുരേഷ്ബാബു | 18654 | 2017-18 സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീത് നമ്പർ 42 മുതൽ 100 വരെയുള്ളവ കാൻസൽ ചെയ്തിട്ടില്ല. |
| ശ്രീ. ജിനേഷ് കെ | 7081 | 2017-18 സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീത് നമ്പർ 43 മുതൽ 100 വരെയുള്ളവ കാൻസൽ ചെയ്തിട്ടില്ല. |

മിക്ക കളക്ഷൻ രജിസ്റ്ററുകളിലും പണം അടവാക്കുന്ന കക്ഷിയുടെ പേര്, പിരിവ് തിയ്യതി എന്നീ വിവരങ്ങൾ അതാത് കോളങ്ങളിൽ രേഖപ്പെടുത്താതെ രസീത് നമ്പറിട്ട് പിരിവ് തുകകൾ രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.01/26.12.18) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ കാൻസൽ ചെയ്യാനവശേഷിച്ചിരുന്ന രസീതുകൾ കാൻസൽ ചെയ്തതായും വസ്തു നികുതി 100% പിരിച്ചെടുക്കാനുള്ള തിരക്കിനിടയിൽ 9097ാം നമ്പർ രസീത് പുസ്തകം കൈപ്പറ്റിയപ്പോൾ ആയതിലെ 100ാംനമ്പർ രസീത് നഷ്ടപ്പെട്ടത് ശ്രദ്ധിക്കാൻ കഴിയാതെ പോയതിനാൽ സംഭവിച്ചതാണെന്നും കളക്ഷൻ രജിസ്റ്ററുകളിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു- 13,009/-രൂപയുടെ നഷ്ടം.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ലഭ്യമാക്കിയ രേഖകൾ,22-11-11ലെ 2ാം നമ്പർ ഭരണസമിതി തീരുമാനം എന്നിവ പ്രകാരം വസ്തു നികുതി നിശ്ചയിക്കുമ്പോൾ 100 ച.മീ. ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് 50/- രൂപയും 100 ച.മീ ന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 30/- രൂപയുമാണ് . 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 20% വർദ്ധനയുമുണ്ട്.

ചുവടെ ചേർത്ത 100 ച.മീ. ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ നൽകിയപ്പോൾ 100 ച.മീ ന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾ എന്ന് തെറ്റായി ചേർത്ത് നമ്പർ നൽകിയതിനാൽ 50/- രൂപക്ക് പകരം 100 ച.മീ ന് താഴെയുള്ള വാണിജ്യകെട്ടിടങ്ങളുടെ നിരക്കായ 30/- രൂപ കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചത്. മാത്രമല്ല, പട്ടികയിൽ ക്രമ നമ്പർ 4 പ്രകാരമുള്ള കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യം ഉണ്ടായിട്ടും 20% വർദ്ധന കണക്കിലെടുക്കാതെയുമാണ് നികുതി നിർണ്ണയിച്ചത്. കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങൾ ത്രിതീയ മേഖലയിലും(ക്രമ നമ്പർ 5 ദ്വിതീയ മേഖലയിൽ-10%ഇളവ്, വർദ്ധനയില്ല) ഇവക്ക് കുറഞ്ഞ തരം/ഷീറ്റ് മേൽക്കൂരയുമാണ്, ആകെ നികുതിയിളവ്- 20%+10%. ക്രമ നമ്പർ 1 മുതൽ 3 വരെ,: വർദ്ധനയില്ല ക്രമ നമ്പർ 4ന് വഴി വർദ്ധന:20%. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/അനുവദിച്ച നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം | ഈടാക്കിയ തുക, രസീത് നമ്പർ/ തിയ്യതി | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥ ശാല വരി | നികുതി | ഗ്രന്ഥ ശാല വരി |
| 1 | ശ്രീ.മുണ്ടിയൻ റിയാസ്, 20/391/L | 200 $m^2$ വാണിജ്യം | 4200/-, (200x30=6000-30%-10%), 117030101521/ 11.05.17 | 210 | 7000/- (200x50=10000-20%-10%=7000) | 350 | 2800 | 140 |
| 2 | ശ്രീ. അൻവർ ടി.പി 4/197 /F | 159.9 $m^2$ വാണിജ്യം | 3358/-, (159.9x30=4797-20%-10%=3358), 117030102187/ 05.06.17 | 168 | 5597/- (159.9x50=7995-20%-10%=5597) | 280 | 2239 | 112 |
| 3 | ശ്രീ. അൻവർ ടി.പി 4/197 /G | 159.9 $m^2$ വാണിജ്യം | 3358/-, (159.9x30=4797-20%-10%=3358), 117030102188/ 05.06.17 | 168 | 5597/- (159.9x50=7995-20%-10%=5597) | 280 | 2239 | 112 |
| 4 | ശ്രീ.അലി ഹസൻ മുതൽപേർ, 8/408/A | 125 $m^2$ വാണിജ്യം | 2625/-, (125x30=3750-20%-10%), 117030102708/ 23.06.17 | 132 | 5625/- (125x50=6250-20%-10%+20%=5625) മേഖല ഇളവ്:20%, മേൽക്കൂര ഇളവ്:10%, വഴി വർദ്ധന:20% | 282 | 3000 | 150 |
| 5 | ശ്രീമതി.ആമിന സി.കെ, 12/103/A | 132 $m^2$ വാണിജ്യം | 3168/-, (132x30=3960-10%-10%=3168), 118100100773/ 23.04.18-ദ്വിതീയ മേഖല 10% ഇളവ് (ക്രമവൽക്കരണത്തിന് അപേക്ഷ ലഭിച്ചതിയതി: 19.02.18) | 159 | 5280/- (132x50=6600-10%-10%= 5280), ദ്വിതീയ മേഖല ഇളവ്:10%, മേൽക്കൂര ഇളവ്:10%, വർദ്ധനയില്ല. | 264 | 2112 | 105 |
| ആകെ കുറവ് | | | | | | | 12390 | 619 |

ആകെ 13,009/-(12390+619) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.17/01.01.19) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നും ഇടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുക ഈടാക്കി വിവരം രേഖാമൂലം അറിയിക്കുന്നതാണെന്നറിയിച്ചു. സഞ്ചയയിൽ ശരിയായ വിവരങ്ങൾ ചേർത്ത് അപാകതകൾ പരിഹരിച്ച് വസ്തു

നികുതി പുതുക്കി നിർണ്ണയിക്കുകയും നഷ്ട തുക ആകെ 13,009/- രൂപ ഈടാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്.

## **2-6** <u>കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതി കുറച്ച് കാണിച്ച് വസ്തുനികുതി നിർണ്ണയിച്ചു- **4899/-** രൂപ നഷ്ടം</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ താഴെ പറയുന്ന വർദ്ധന, ഇളവുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

| തരം | ഇളവ്/ വർദ്ധന |
|---|---|
| 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടത്തിന് | 20%വർദ്ധന |
| 250 ചതുരശ്ര മീറ്ററിൽ കൂടുതലുള്ളതും മുന്തിയ തരം തറയുള്ളതുമായ കെട്ടിടങ്ങൾക്ക് | 15%വർദ്ധന |
| ദ്വിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് | 10%ഇളവ് |
| ത്രിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് | 20%ഇളവ് |
| കുറഞ്ഞ തരം മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് | 10%ഇളവ് |
| വാണിജ്യം-ഓഫീസ് എന്നീ ആവശ്യങ്ങൾക്കുള്ള ബഹു നില കെട്ടിടങ്ങൾക്ക് ഒന്നാം നില മുതൽ അഞ്ചാംനിലവരെ ഓരോ നിലക്കും | 5% ഇളവ് |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

പാർപ്പിടം - 3/-രൂപ/ച.മീ.

വാണിജ്യം - 100 $m^2$ വരെ 30/-രൂപ/ച.മീ., 100 $m^2$ നു മുകളിൽ 50/-രൂപ/ച.മീ.

ചില അപേക്ഷകരിൽ നിന്ന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി ഉണ്ടായിരിക്കെ നികുതി കണക്കാക്കുമ്പോൾ ഇത് 1.5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി എന്ന് സഞ്ചയയിൽ തെറ്റായ വിവരം നൽകുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർധനവ് വരാതെ പോകുന്നു.വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർധനവ് കണക്കിലെടുക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്/അനുവദിച്ച നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം | ഈടാക്കിയ തുക , രസീത് നമ്പർ/ തിയ്യതി | | ഈടാക്കേണ്ടിയിരുന്ന തുക | | കുറവ് വന്ന തുക | |
|---|---|---|---|---|---|---|---|---|
| | | | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി | നികുതി | ഗ്രന്ഥശാല വരി |
| 1 | ശ്രീ.ഉമ്മർ ബാബു പി.വി, 11/562 A to L | 480 $m^2$ വാണിജ്യം, (താഴത്തെ നില-220 $m^2$ +ഒന്നാം നില-260 $m^2$) | 12688/-, 117030104445 to 4456/30.08.17 ദ്വിതീയ മേഖല ഇളവ്:10% | 634 | 15411/-, ((താഴത്തെ നില:220x30=6600-10%+20%=7260)+(ഒന്നാം നില: 260x30=7800-10%+20%-5%= 8151))=15411ദ്വിതീയ മേഖല ഇളവ്:10%, വഴി വർദ്ധന :20%, ഒന്നാം നില ഇളവ്-5% | 771 | 2723 | 137 |
| 2 | ശ്രീ.കക്കണ്ടീരി അബ്ദുസ്സലാം 18/65 B to H,J | 272.91 $m^2$ (താഴത്തെ നില :120 ച.മീ- വാണിജ്യം +141+11.9 ഒന്നാം നില-പാർപ്പിടം) | 3219/-, 1170100903 to 910/24.04.17 ത്രിതീയ മേഖല ഇളവ്:20% | 163 | 4023/-, ((താഴത്തെ നില: 120x30=3600-20%+20%=3600)+(ഒന്നാം നില:141x3=423-20%+20%= 423)) =4023 ത്രിതീയ മേഖല ഇളവ്:20%, വഴി വർദ്ധന :20%, | 201 | 804 | 38 |
| | പ്ലാൻ പ്രകാരം 272 $m^2$ വിസ്തീർണമുണ്ട്, എന്നാൽ 261 $m^2$ന് മാത്രമാണ് നികുതി കണക്കാക്കിയത്. ബാക്കി ഒന്നാം നിലയിൽ 11.9 $m^2$ന്റെ നികുതി കൂടി ഈടാക്കേണ്ടതുണ്ട് | | | | 36/-11.9x3=35.7-20%+20% =36/-. | 2 | 36 | 2 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | ശ്രീ. ഉമ്മർ കോലോത്തും തൊടിക 18/419A | 284.07 $m^2$ പാർപ്പിടം. | 404/-,117100101881 /7.12.17 ത്രിതീയ മേഖല ഇളവ്-20%+15%തറ വർദ്ധന | 22 | 490/- (284x3=852-20%+20%+15%=980) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20%+15%തറവർദ്ധന പ്രാബല്ല്യം-17-18 രണ്ടാം അർദ്ധ വർഷം: 980/2=490/- | 25 | 86 | 3 |
| 4 | ശ്രീ.കൊറ്റങ്ങോടൻ അബ്ദുന്നാസർ, 18/379A | 271 $m^2$ പാർപ്പിടം. | 651/-,117030101005 /25.04.17 ത്രീതീയ മേഖല ഇളവ്-20% | 31 | 813/- (271x3=813-20%+20% =813) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% | 41 | 162 | 10 |
| 5 | ശ്രീ.അബ്ദുൽ കരീം 15/514B | 277 $m^2$ പാർപ്പിടം. | 436/-,117100106666 /21.2.18 ദ്വിതീയ മേഖല ഇളവ്-20%+15%തറ വർദ്ധന | 22 | 520/- (277x3=831-10%+20%+15%=1039) ദ്വിതീയ മേഖല ഇളവ്-10%, വഴി വർദ്ധന-20%+15% തറവർദ്ധന പ്രാബല്ല്യം-17-18 രണ്ടാം അർദ്ധ വർഷം: 1039/2=520 | 26 | 84 | 4 |
| 6 | ശ്രീ.മെഹബൂബ് അലി, 11/347A | 145 $m^2$ പാർപ്പിടം. | 348/-, 117030103310/ 19.07.17 ത്രീതീയ മേഖല ഇളവ്-20% | 18 | 435/- (145x3=435-20%+20% =435) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% | 22 | 87 | 4 |
| 7 | ശ്രീ.രവീന്ദ്രൻ, 7/487 A | 164 $m^2$ പാർപ്പിടം. | 197/-, 117100106519/ 17.02.18 ത്രിതീയ മേഖല ഇളവ്-20% | 10 | 246/- (164x3=492-20%+20% =492) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% പ്രാബല്ല്യം-17-18 രണ്ടാം അർദ്ധ വർഷം: 492/2=246 | 13 | 49 | 3 |
| 8 | ശ്രീ.ഷാജഹാൻ, 12/487A | 145 $m^2$ പാർപ്പിടം. | 174/-,117100106879 /24.2.18 ത്രിതീയ മേഖല ഇളവ്-20% | 9 | 218/- (145x3=435-20%+20% =435) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% പ്രാബല്ല്യം-17-18 രണ്ടാം അർദ്ധ വർഷം: 435/2=218 | 11 | 44 | 2 |
| 9 | ശ്രീ. പൊടിയാട്ടുമടത്തിൽ അബ്ദു. | 225 $m^2$ പാർപ്പിടം. | 540/-,117030103735 /03.8.17 ത്രിതീയ മേഖല ഇളവ്-20% | 27 | 675/- (225x3=675-20%+20% =675) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% | 34 | 135 | 7 |
| 10 | സിറാജുൽ ഉലൂം മദ്രസ, 6/134A | 34 $m^2$ വാണിജ്യം. | 816/-, 117030103176, 77/ 13.07.17 ത്രിതീയ മേഖല ഇളവ്-20% | 42 | 1020/- (34x30=1020-20%+20% =1020) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% | 51 | 204 | 9 |
| 11 | ശ്രീ. യൂസുഫ് പാറക്കാടൻ, 6/302A | 28 $m^2$ വാണിജ്യം. | 336/-, 117100102161/15.12.18 ത്രിതീയ മേഖല ഇളവ്-20% | 18 | 420/- (28x30=840-20%+20% =840) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20% പ്രാബല്ല്യം-17-18 രണ്ടാം അർദ്ധ വർഷം: 840/2=420/- | 21 | 84 | 3 |
| 12 | ശ്രീ.ഷമീറലി മണ്ടത്തൊടിക , 2/40/A | 285.26 $m^2$ പാർപ്പിടം. | 813/-,117030101491 /11.05.17 ത്രിതീയ മേഖല ഇളവ്-20%, 15%തറ വർദ്ധന | 41 | 984/- (285x3=855-20%+20%+15% =984) ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20%, 15%തറ വർദ്ധന | 49 | 171 | 8 |
| ആകെ കുറവ് | | | | | | | 4669 | 230 |

ആകെ 4899/-(4669+230) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.21/03.01.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്കും മറ്റ് ഫയലുകളിലും വിശദമായ പരിശോധന നടത്തി ഇത്തരത്തിൽ വഴി വർദ്ധന ചെയ്യാത്ത കെട്ടിടങ്ങൾ ഉൾപ്പടെയുള്ളവക്ക് സഞ്ചയയിൽ ശരിയായ വിവരങ്ങൾ ചേർത്ത് അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുകയും നഷ്ട തുക ആകെ 4899/- രൂപ ഈടാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 2-7 മേഖല തെറ്റായി കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ചു-1854/-രൂപ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ലഭ്യമാക്കിയ രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ പ്രകാരം വസ്തു നികുതി നിശ്ചയിക്കുമ്പോൾ പ്രഥമ മേഖലകളിലുൾപ്പെടുന്ന കെട്ടിടങ്ങൾക്ക് നികുതിയിളവ് ഇല്ലാത്തതും ദ്വിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് 10%, ത്രിതീയ മേഖലകളിലുൾപെടുന്ന കെട്ടിടങ്ങൾക്ക് 20%, കുറഞ്ഞ തരം മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് 10%, വാണിജ്യം-ഓഫീസ് എന്നീ ആവശ്യങ്ങൾക്കുള്ള ബഹു നില കെട്ടിടങ്ങൾക്ക് ഒന്നാം നില മുതൽ 5%+, എന്നിങ്ങനെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് ചെയ്യാവുന്നതാണ്.

എന്നാൽ ചില അപേക്ഷകരിൽ നിന്ന് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കിയപ്പോൾ മേഖലകൾ തെറ്റായി കണക്കാക്കി നികുതി ഇളവ് നൽകി നികുതി നിർണ്ണയിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കുകൾ:

പാർപ്പിടം - 3/-രൂപ/ച.മീ.

വാണിജ്യം - 100 $m^2$ വരെ 30/-രൂപ/ച.മീ., 100 $m^2$ ന മുകളിൽ 50/-രൂപ/ച.മീ.

കെട്ടിട ഉടമ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ,എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ലഭ്യമാക്കിയ രേഖകൾ, ഭരണസമിതി തീരുമാനം എന്നിവ പ്രകാരം പ്രാഥമിക/ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നൽകുമ്പോൾ ത്രിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം എന്ന് തെറ്റായി വിവരം നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 10% അല്ലെങ്കിൽ 20% കുറവ് വന്നതായി കാണുന്നു.

<table>
<tr><th rowspan="2">ക്രമ നം</th><th rowspan="2">കെട്ടിട ഉടമയുടെ പേര്/അനുവദിച്ച നമ്പർ</th><th rowspan="2">കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം/ തരം</th><th colspan="2">ഈടാക്കിയ തുക , രസീത് നമ്പർ/ തിയ്യതി</th><th colspan="2">ഈടാക്കേണ്ടിയിരുന്ന തുക</th><th colspan="2">കുറവ് വന്ന തുക</th></tr>
<tr><th>നികുതി</th><th>ഗ്രന്ഥശാല വരി</th><th>നികുതി</th><th>ഗ്രന്ഥ ശാല വരി</th><th>നികുതി</th><th>ഗ്രന്ഥ ശാല വരി</th></tr>
<tr><td>1</td><td>ശ്രീ.ഖാലിദ്, 9/194 A to H</td><td>136 $m^2$ (8x17=136) വാണിജ്യം, ഒന്നാം നില</td><td>3880/-, 117030101912-919/ 25.05.17(ത്രിതീയ മേഖല ഇളവ്-20%,വഴി വർദ്ധന-20%,ഒന്നാം നില ഇളവ്-5%)</td><td>200</td><td>4264/-,(136x30=4080-10%+20%-5%=4264) ദ്വിതീയ മേഖല ഇളവ്-10%+ വഴി വർദ്ധന-20%,ഒന്നാം നില ഇളവ്-5%</td><td>213</td><td>384</td><td>13</td></tr>
<tr><td rowspan="2">2</td><td>ശ്രീ.പുത്തൻവീട്ടിൽ ഷാനവാസ് ഷിയാസ് കൂടി<br>11/630A to N</td><td>401.9 $m^2$ വാണിജ്യം(189+189+23.9), A to G: താഴത്തെ നില, H to N: ഒന്നാം നില</td><td>5110/-, 117100108756-768/ 19.03.18 (ത്രിതീയ മേഖല ഇളവ്-20%, വഴി വർദ്ധന-20%,ഒന്നാം നില ഇളവ്-5%)</td><td>269</td><td>6237/-,((189x30=5670-10%+20%=6237:താഴത്തെ നില) + (189x30=5670-10%+20%-5%=5925 : ഒന്നാം നില)=12162) ദ്വിതീയ മേഖല- ഇളവ്-10%, വഴി വർദ്ധന-20%,ഒന്നാം നില ഇളവ്-5% നികുതി പ്രാബല്ല്യം-2017-18രണ്ടാം അർദ്ധ വർഷം ആയതിനാൽ ഈടാക്കേണ്ട തുക=12162/2 = 6081</td><td>304</td><td>971</td><td>35</td></tr>
<tr><td colspan="4">പ്ലാൻ പ്രകാരം 401.9 $m^2$ വിസ്തീർണമുണ്ട്, എന്നാൽ 378 $m^2$ന് മാത്രമാണ് നികുതി കണക്കാക്കിയത്. ബാക്കി 23.9 $m^2$ന്റെ നികുതി കൂടി ഈടാക്കേണ്ടതുണ്ട്</td><td>395/-23.9x30=717-10%+20% =789.നികുതി പ്രാബല്ല്യം-2017-18രണ്ടാം അർദ്ധ വർഷം ആയതിനാൽ ഈടാക്കേണ്ട തുക=789/2=395</td><td>20</td><td>395</td><td>20</td></tr>
<tr><td>3</td><td>ശ്രീമതി. പാത്തുമ്മക്കുട്ടി മറ്റുള്ളവർ കൂടി, 22/302A</td><td>224 $m^2$ പാർപ്പിടം.</td><td>268/-, 117100101290/ 18.11.17 ത്രിതീയ മേഖല ഇളവ്-20%</td><td>15</td><td>303/- (224x3=672-10%=605) ദ്വിതീയ മേഖല ഇളവ്-10%. നികുതി പ്രാബല്ല്യം-2017-18രണ്ടാം അർദ്ധ വർഷം ആയതിനാൽ ഈടാക്കേണ്ട തുക=605/2=303</td><td>16</td><td>35</td><td>1</td></tr>
<tr><td colspan="7">ആകെ കുറവ്</td><td>1785</td><td>69</td></tr>
</table>

ആകെ 1854/-(1785+69) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.18/01.01.19) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ മേഖല ശരിയായി പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമകളിൽ നിന്നും ഇടാക്കുന്നതും വിവരം രേഖാമൂലം അറിയിക്കുന്നതാണെന്നും അറിയിച്ചു. സഞ്ചയയിൽ ശരിയായ മേഖല വിവരങ്ങൾ ചേർത്ത് അപാകതകൾ പരിഹരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുകയും നഷ്ട തുക ആകെ 1854/- രൂപ ഈടാക്കി അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-8 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിടനമ്പറുകൾ അനുവദിക്കുകയും അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ നിലവിലുള്ള കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിന് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് നഗരസഭ ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ നഗരസഭക്ക് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. ഇത്തരം ചില കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം | അനുവദിച്ച നമ്പറുകൾ |
|---|---|---|---|
| 1 | മുഹമ്മദ് മകൻ മുജീബ് | $400.48M^2$ | 21/246 L, M, N, P, Q, R |
| 2 | സക്കീ അലി | $444.63M^2$ | 11/631 A മുതൽ R വരെ |
| 3 | സെക്രട്ടറി, ലജ്നത്തുൽ ഇസ്ലാഹ്, എടവണ്ണ | $239.23M^2$ | 10/98 A മുതൽ E വരെ |

ചട്ടം (5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. ഇപ്രകാരം കുറവായി വസ്തുനികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളുടേയും നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കേണ്ടതായുണ്ട്. നികുതി നിർണ്ണയത്തിലുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.20/03.01.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 2-9 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും സബ്ട്രഷറി ഓഫീസ് പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിന് വാടകയും സേവന നികുതിയും ഈടാക്കുന്നില്ല.

പഞ്ചായത്ത് കാര്യാലയ കെട്ടിടത്തിന് സമീപം ബസ് സ്റ്റാന്റിനോട് ചേർന്ന് നിൽക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ ഒന്നാം നിലയിൽ (താഴത്തെ നില എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയത്) പ്രവർത്തിക്കുന്ന 120 ച.മീ. വിസ്തീർണമുള്ള 10/803ാം നമ്പർ മുറിയിൽ എടവണ്ണ സബ്ട്രഷറി ഓഫീസ് പ്രവർത്തിച്ച് വരുന്നുണ്ട്. ടി കെട്ടിടത്തിന് നാളിതുവരെ വാടക ഈടാക്കിയിട്ടില്ല. ട്രഷറി പ്രവർത്തിക്കുന്ന മുറിക്ക് വാടക ഈടാക്കാത്തതിന് അടിസ്ഥാനമായ സർക്കാർ നിർദ്ദേശമോ ഉത്തരവോ പഞ്ചായത്ത് ഭരണസമിതി

തീരുമാനമോ ഉണ്ടെങ്കിൽ ലഭ്യമാക്കുകയും അപാകതക്ക് വിശദീകരണം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. (ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.22/03.01.19) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 2-10 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2017-18 വർഷത്തിൽ പഞ്ചായത്തിൽ 12 പ്രൊജക്റ്റുകൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത് കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്.

ഇ ടെണ്ടർ നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈൻ ആയി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.മുൻവർഷങ്ങളിലും ഇത്തരത്തിൽ പഞ്ചായത്തിന് തുക ലഭിക്കാനുണ്ട്. തുക ലഭിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കേണ്ടതാണ്.

സ.ഉ.(സാ)നം.1275/2009/തസ്വഭവ.30.5.09— മാർഗ്ഗരേഖ പ്രകാരം, കുടിവെള്ള പദ്ധതികൾ,പണി പൂർത്തിയാക്കി,പ്രവർത്തനക്ഷമമാണെന്നുറപ്പ് വരുത്തി, ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നും,തുടർന്നുള്ള നടത്തിപ്പും, സംരക്ഷണവും, പമ്പ് ഓപ്പറേറ്ററുടെ വേതനം, വൈദ്യുതിചാർജ്ജ് തുടങ്ങിയ ചെലവുകളും, സമിതി വഹിക്കണമെന്നും, വ്യക്തമാക്കിയിട്ടുണ്ട്. കുടിവെള്ളപദ്ധതി, കമ്മറ്റി ഏറ്റെടുത്ത് നടത്താൻ തയ്യാറായില്ലെങ്കിൽ, പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണമെന്നും,വാട്ടർ ചാർജ് പിരിക്കണമെന്നും ആവശ്യമാണെങ്കിൽ വെള്ളക്കരനിരക്ക് പരിഷ്കരിക്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. 2017-18-ൽ കുടിവെള്ളപദ്ധതിക്കായി വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവക്കായി 619534/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ കുടിവെള്ള പദ്ധതിയുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 2017-18 വർഷത്തിൽ ഗുണഭോക്താക്കളിൽ നിന്നും 182600/- രൂപ മാത്രമാണ് പിരിച്ചെടുത്തത്. ഒരു ഗുണഭോക്താവിൽനിന്നും പ്രതിമാസം ശരാശരി 50 രൂപയിൽ താഴെയാണ് വാട്ടർ ചാർജ്ജ് ഇനത്തിൽ ഈടാക്കുന്നത്. ഇത് സംബന്ധിച്ച് 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും തുടർ നടപടി ഒന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

അപാകത സൂചിപ്പിച്ചു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.13/01.01.19) ലഭ്യമാക്കിയ മറുപടിയിൽ വരും വർഷം മുതൽ ഒരോ ഗുണഭോക്താവിൽനിന്നും 50 രൂപയിൽ കുറയാത്ത തുക പ്രതിമാസം ഈടാക്കുന്നതിനും കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-2 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല-

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 226 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 173 പ്രൊജക്റ്റുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 177 പ്രൊജക്റ്റുകളാണ് തൻവർഷം നടപ്പാക്കിയത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 226 | ആകെ അടങ്കൽ | 54066862 |

| | | | |
|---|---|---|---|
| നടപ്പിലാക്കിയത് | 173 | ചെലവ് | 34329338 |
| ശതമാനം | 77 | ചെലവ് ശതമാനം | 63.49 |

ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയറുടെയും തസ്തിക നിലവിലുണ്ടായിരുന്നെങ്കിലും ജനവരി മാസം വരെ അസിസ്റ്റന്റ് എഞ്ചിനീയറും ഒരു ഓവർസിയറും മാത്രമാണ് ഉണ്ടായിരുന്നത്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചാത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

## 3-3 RIDF പ്രവൃത്തി - തുക ലഭിച്ച വിവരം ലഭ്യമല്ല.

കൽപ്പാലം അംഗൻവാടി കെട്ടിട നിർമാണത്തിന് (50/2018) നബാർഡ് വിഹിതം ₹688000 യും വികസന ഫണ്ട് ₹ 122000 ഉൾപ്പെടെ ആകെ ₹ 810000 വകയിരുത്തിയിരുന്നു. ഈ പ്രവൃത്തി ടെണ്ടർ ചെയ്യുകയും പ്രവൃത്തി പൂർത്തീകരിച്ച് ₹722510 മൂല്യ നിർണ്ണയം നടത്തി തനത് ഫണ്ടിൽ നിന്ന് പണം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

കരാറുകാരന് നൽകിയ തുക - ₹ 679160 ( ചെക്ക് നം. 5347863/18.01.2018)

നികുതികൾ അടക്കുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ച രേഖ പരിശോധനക്ക് ലഭ്യമായില്ല. പ്രവൃത്തിയുടെ നികുതികൾ, ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച പണം റിക്കൂപ്പ് ചെയ്ത് തിരിച്ചടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 MGNREGS – മെറ്റീരിയൽ സംഭരണം സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

NREGS പ്രവൃത്തികൾക്ക് സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച നിർദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.03.2012 ലെ സ.ഉ(കൈ) 93/2012 നം ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.ഈ ഉത്തരവ് തന്നെയാണ് നാളിതുവരെയും സാധന സാമഗ്രികൾ വാങ്ങുന്നതിന് അടിസ്ഥാനമാക്കേണ്ടത്.

ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പഞ്ചായത്തിൽ സാധന സാമഗ്രികളുടെ വാങ്ങൽ നടത്തിയിട്ടുള്ളത്

1) പഞ്ചായത്ത് തല പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.- സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സുതാര്യവും അഴിമതിരഹിതവുമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കാൻ നിർദേശിക്കപ്പെട്ട പ്രൊക്വയർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

2) സബ് കമ്മിറ്റി - പ്രൊക്വയർമെന്റ് കമ്മിറ്റിയെ സഹായിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൺവീനറായി രൂപീകരിക്കേണ്ട സബ്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

3)പഞ്ചായത്ത് അംഗീകരിച്ച പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായ സാധനങ്ങളുടെ വിശദ വിവരം തയ്യാറാക്കി അത് അർദ്ധവാർഷികാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് നിശ്ചിത ഫോറത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും സബ് കമ്മിറ്റിയുടെ ചുമതലയായിരുന്നു. ഇത്തരം ഒരു നടപടിയും പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

4) അർദ്ധവർഷത്തേക്ക് ആവശ്യമായ സാധന സാമഗ്രികളുടെ വിലയുടെ അടിസ്ഥാനത്തിലാണ് വാങ്ങൽ നടപടികൾ നിശ്ചയിക്കേണ്ടത്.₹ 20000 ന് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും മത്സരാധിഷ്ഠിത ടെണ്ടർ ആണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ആവശ്യമായ സാധനങ്ങളുടെ ഇനം, അളവ് എന്നിവ പഞ്ചായത്ത് മുൻകൂട്ടി നിശ്ചയിക്കാതെ ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും മരാമത്ത് പ്രവൃത്തി കരാറുകാർ ടെണ്ടർ നൽകി വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്.

സാധന സാമഗ്രികൾ വാങ്ങുന്നതിന് മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ കർശനമായും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ആദ്യമറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതുമാണ്.

## 3-5 കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമായിട്ടില്ല.

2017-18 ൽ പണം ചെലവഴിച്ച താഴെപറയുന്ന കുടിവെള്ള പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

| പദ്ധതി | ചെലവ് |
|---|---|
| മഞ്ചേരിക്കുത്ത് എസ്.സി കോളനി കുടിവെള്ളപദ്ധതി നവീകരണം (57/18) | 461343<br>(Bill No 18/17-18 Dt. 09.01.18) |
| കോട്ടക്കുന്ന് കുടിവെള്ളപദ്ധതി (287/18) | 211119<br>(ചെക്ക് നം. 793399/ 22.12.17) |

പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃസമിതികൾക്ക് കൈമാറി വിവരം ലഭ്യമാക്കേണ്ടതാണ്. വിവരം ലഭ്യമാക്കുന്നത്വരെ ചെലവ് ₹ 672462 തടസ്സം ചെയ്യുന്നു.

## 3-6 ടെണ്ടർ നടപടികളിൽ സുതാര്യതയും മത്സര ക്ഷമതയും ഉറപ്പാക്കുന്നില്ല.

2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

12 പ്രവൃത്തികളാണ് ഇ ടെണ്ടർ ചെയ്തത്. ഇതിൽ ഭൂരിപക്ഷം പ്രവൃത്തികളും അടങ്കലിനെക്കാൾ കുറവിന് കരാറുകാർ ക്വാട്ട് ചെയ്യുകയും കരാർ ചമക്കുകയുമുണ്ടായി.

എന്നാൽ മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത 148 എണ്ണത്തിൽ എല്ലാ പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവും ക്വോട്ട് ചെയ്യുകയും അപരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്ത എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ ചെയ്ത 148 പ്രവൃത്തികളിൽ 4 എണ്ണത്തിന് ആരും ടെണ്ടർ സമർപ്പിച്ചില്ല. ബാക്കി 144 ൽ 115 എണ്ണം എസ്റ്റിമേറ്റ് നിരക്കിനും, 29 എണ്ണം എസ്റ്റിമേറ്റ് നിരക്കിനെക്കാൾ വളരെക്കുറഞ്ഞ കുറവിനുമാണ് കരാർ ചമച്ചത്. കരാറുകാർ ക്വാട്ട് ചെയ്ത ഏറ്റവും ഉയർന്ന കുറവ് കേവലം ഒരു ശതമാനം മാത്രമാണ്.

2017-18 വർഷത്തിൽ ആകെ ഇരുപതിലധികം കരാറുകാർ പഞ്ചായത്തിൽ വിവിധ പ്രവൃത്തികൾക്ക് മാന്വൽ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. എന്നിട്ടും എല്ലാ പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത് എന്നതിൽ നിന്നും, ടെണ്ടർ നിരക്ക് ക്വോട്ട് ചെയ്തത് പരിശോധിച്ചതിലും കരാറുകാർ പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിനായി അന്യായമായി സംഘം ചേർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്.

ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവൺമെന്റ് നിർദ്ദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പി.ഡബ്ല്യൂ.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

കരാർ ചമക്കൽ

പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീകരിക്കപ്പെട്ട വിവരം അറിയിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാരൻ നോട്ടീസ് കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിയാണ് കരാർ ചമക്കേണ്ടത്. (മിനിമം1000 പരമാവധി 25000) 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ധാക്കണം, EMD കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം.( PWD manual. ഖ.2009-6).

എന്നാൽ നിശ്ചിത കാലാവധിക്കകം കരാർ ചമക്കാത്ത കരാറുകാർക്കെതിരെ PWD മാന്വൽ നിർദേശിക്കുന്ന മേൽ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. പിഴ പോലും ഈടാക്കാതെ കരാർ ചമക്കാൻ അനുവദിക്കുകയാണ് ചെയ്യുന്നത്.

പ്രവൃത്തി പൂർത്തീകരണ കാലയളവ്

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച്

ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.

<u>കാലാവധി ദീർഘീകരണം (Extension of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്ധ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012 /PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>മുൻകൂർ നൽകിയത് - പൂർത്തീകരണ വിവരം ലഭ്യമല്ല.</u>

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ അരിമംഗലം അംഗനവാടി കെട്ടിട നിർമാണം (194/18) എന്ന പ്രൊജക്ടിന് 2017-18 വർഷത്തിൽ 580000 പിൻവലിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നൽകിയിട്ടുണ്ട്. ( വൗച്ചർ നമ്പർ 21700967/02.03.2018)

പ്രവൃത്തി പൂർത്തീകരണ വിവരം, തുക കൈപ്പറ്റിയതിന്റെ രേഖ, എന്നിവ ലഭ്യമായിട്ടില്ല.

മേൽ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് ₹ 580000 തടസ്സം ചെയ്യുന്നു.

## 3-9 <u>NREGS കോൺക്രീറ്റ് പ്രവൃത്തി - വൻതുക ലാഭം</u>

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ രണ്ട് റോഡ്/പാത്‌വേ കോൺക്രീറ്റ് പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കരാറുകാർ/ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന ഇത്തരം പ്രവൃത്തികളേക്കാൾ വളരെ ചെലവ് കുറച്ച് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന കഴിയുന്നുണ്ട്.

NREGS വിഭാഗം മരാമത്ത് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 'Secure' എന്ന software മുഖേനയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന 'Price' software ലെ നിരക്കിനേക്കാൾ താരതമ്യേന കുറഞ്ഞ നിരക്കായതിനാലാണ് ഇപ്രകാരം കുറഞ്ഞ തുകക്ക് MGNREGS വിഭാഗത്തിന് പ്രവൃത്തി ചെയ്യാൻ കഴിയുന്നത്.

റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് വേണ്ടി വരുന്ന പ്രധാന ഇനങ്ങളും അവയുടെ നിരക്ക് വ്യത്യാസവും ചുവടെ ചേർക്കുന്നു.

| ഇനം | കരാറുകാർ മുഖേന | NREGS മുഖേന | 1 $m^3$ അധികം |
|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | 892.40/cum | 947.26/cum | (-)54.86 |
| 40mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 6278.37/cum | 4566.6/cum | 1711.77 |
| 20mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 7685.69/cum | 5825.44/cum | 1860.25 |

കരാറുകാർ മുഖേന (എസ്റ്റിമേറ്റ് നിരക്ക്) ചെയ്ത ഒരു പ്രവൃത്തിക്ക് നൽകിയ തുകയും അതേ പ്രവൃത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തി:- ചേറട പുതുക്കോടൻ റോഡ് പുനരുദ്ധാരണം (197/18)

| ഇനം | അളവ് | നൽകിയ തുക | MGNREGS നിരക്ക് പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | 15.46m3 | 13796.66<br>@892..40 | 14644.64<br>@947.26 | -848 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 10.98m3 | 68936.50<br>@6278.37 | 50141.27<br>@4566.6 | 18795 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 15.03m3 | 115515.92<br>@7685.69 | 87556.36<br>@5825.44/cum | 27960 |
| | | | | 45907 |

നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന ലാഭം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ തൊഴിലുറപ്പ് മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും , ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനവും ഇത് വഴി സാധിക്കും.

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയതിൽ അൻപതോളം പ്രവൃത്തികൾ റോഡ് കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. അവയിൽ ഭൂരിഭാഗവും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ ചെയ്തിട്ടുള്ളത്.

കോൺക്രീറ്റ് പ്രവൃത്തികൾ ഓരോ വർഷവും വർദ്ധിച്ചു വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-10 പരിരക്ഷ പ്രൊജക്ട് അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ പരിരക്ഷ പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ : 125) 350360 രൂപ ചെലവഴിച്ചിട്ടുണ്ട്.

മുകളിൽ പരാമർശിച്ച പ്രകാരമുള്ള ചെലവിൽ പരിരക്ഷ നഴ്സിന് ഫോൺ അലവൻസ് ഇനത്തിൽ 2800 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 7/31-12-2018) നൽകിയ മറുപടിയിൽ 11/17 മുതൽ അലവൻസ് അനുവദിച്ചിട്ടില്ല എന്നറിയിച്ചു.

2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖല ജി.ഒ (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തിയ്യതി. 29-10-2015 ഖണ്ഡിക 2.3.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും, പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പും പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും, പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും, യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

ലഭ്യമാക്കിയ പി.എം.സി മിനുടസ് ബുക്ക് പരിശോധിച്ചതിൽ ഓരോ മാസത്തേയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല. കൂടാതെ അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിച്ചിട്ടുമില്ല.

ഖണ്ഡിക 2.4.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ട് പോകുന്നതിന് ഒരു പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി (പി.ഐ.സി) പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണ്. ഖണ്ഡിക 2.4.2 എല്ലാമാസവും 5-ാം തിയ്യതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ അത്തരത്തിൽ ഒരു കമ്മിറ്റി പഞ്ചായത്തിൽ രൂപീകരിച്ചതായി കാണുന്നില്ല.

ഖണ്ഡിക 2.5.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തി വരുന്ന എല്ലാ പഞ്ചായത്തുകളും പരിചരണം നൽകേണ്ടതായ രോഗികളെ പി.എം.സി യുടെ അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത് നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ നോമിനൽ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഖണ്ഡിക 2.5.6 പ്രകാരം ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിന് ശേഷം തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

ഖണ്ഡിക 8 പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും സൂക്ഷിക്കുകയും, ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടില്ല.

പരിരക്ഷ മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായും പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-11 മരുന്നുകൾ ലഭ്യമാക്കൽ - പുരോഗതി വിവരം അറിയിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ : 128/17-18, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ/തിയ്യതി: 16/17-18 തി. 29-01-2018

തുക: 100,000 രൂപ, (വികസന ഫണ്ട് ജനറൽ)

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 2324/22-11-2017 തുക : 85353

പെർഫോർമ ഇൻവോയ്സ് നമ്പർ: PRF 256/22-11-2017 തുക : 14647

ഏജൻസി : KMCL തിരുവനന്തപുരം.

52077 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 47923 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാവാനുണ്ട്. ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. 47923 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 എസ്.സി വിവാഹധനസഹായം - അധിക തുക അനുവദിച്ചു

അസിസ്റ്റന്റ് സെക്രട്ടറി 2017-18 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ എസ്സ്.സി വിവാഹ ധനസഹായം നൽകൽ പ്രൊജക്ട് (പ്രൊജക്ട് നമ്പർ : 191/17-18) പ്രകാരം 28 ഗുണഭോക്താക്കൾക്ക് 75000 രൂപ വീതം 21,00,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച തുകയിൽ 9 ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

I) ബിൽ നമ്പർ/തിയ്യതി: 1/17-18 തി. 18-08-2017

തുക: 600,000 രൂപ, (എസ്. സി. പി)

പിൻവലിച്ച തുക 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിൽ ചുവടെ ചേർക്കുന്ന 7 ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തിയ്യതി | അനുവദിച്ച ധനസഹായം | അനുവദിക്കാവുന്ന ധനസഹായം |
|---|---|---|---|---|---|
| 1 | മിനി അമ്മാടൻ, ഈസ്റ്റ് ചാത്തല്ലൂർ | ശ്രുതി. എ | 08-05-2016 | 75000 | 50000 |
| 2 | ബാലകൃഷ്ണൻ, വലിയതൊടിയിൽ, പത്തപ്പിരിയം | ബബിത. വി.ടി | 04-09-2016 | 75000 | 50000 |
| 3 | മുരടൻ ജയരാജൻ, ഒതായി | പ്രജിനി മുരടൻ | 07-01-2017 | 75000 | 50000 |
| 4 | നാരായണി. പി, പറമ്പാടൻ, പെരകമണ്ണ | ലിജിത രാജൻ. കെ | 26-03-2017 | 75000 | 50000 |
| 5 | അമ്മിണി, കണക്കപ്പിള്ള, പടിഞ്ഞാറേ ചാത്തല്ലൂർ | ശ്യാമിലി. കെ.പി | 10-04-2016 | 75000 | 50000 |
| 6 | മാധവി, കമ്പളവേല, ഒതായി | ആൻസി. സി | 13-11-2016 | 75000 | 50000 |
| 7 | യശോദ. പി.എ, മഞ്ചേരിക്കത്ത്, പാലപ്പറ്റ | ഗീതു. എം | 05-02-2015 | 75000 | 50000 |

7 ഗുണഭോക്താക്കൾക്ക് 175000 രൂപ (7x25000) അധികമായി അനുവദിച്ചു.

ll) ബിൽ നമ്പർ/തിയ്യതി: 2/17-18 തി. 06-10-2017

തുക: 150,000 രൂപ, (എസ്. സി. പി)

പിൻവലിച്ച തുക 2 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിൽ അർഹമായതിലും അധികം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വധുവിന്റെ പേര് | വിവാഹം നടന്ന തിയ്യതി | അനുവദിച്ച ധനസഹായം | അനുവദിക്കാവുന്ന ധനസഹായം |
|---|---|---|---|---|---|
| 1 | പരമേശ്വരൻ. കെ.പി, കൊടിഞ്ഞാറുപൊയിൽ, ഒതായി | ഷിംല. കെ.പി | 04-09-2016 | 75000 | 50000 |
| 2 | ബാബുരാജൻ. സി.എം, ചെരുമണ്ണിൽ, എരഞ്ഞിക്കോട് | രേഷ്മ. സി.എം | 29-01-2017 | 75000 | 50000 |

2 ഗുണഭോക്താക്കൾക്ക് 50000 രൂപ (2x25000) അധികമായി അനുവദിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) യിലെ ആദ്യ വർഷ പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള 2017-18 ലെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തി:03-04-2017 പ്രകാരം വിവാഹ ധനസഹായം ഒരു വ്യക്തിക്ക് നൽകേണ്ട തുകയുടെ പരിധി 75000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആയതിന് 01-04-2017 മുതലാണ് പ്രാബല്യം. എന്നാൽ മുകളിൽ കാണിച്ച ഗുണഭോക്താക്കളുടെ മക്കളുടെ വിവാഹം 01-04-2017 ന് മുന്നേ നടന്നതാണെങ്കിലും, 01-04-2017 ന് ശേഷം നിലവിലുണ്ടായിരുന്ന നിരക്കിലാണ് ധനസഹായം അനുവദിച്ചത്.

മേൽ ഗുണഭോക്താക്കൾക്ക് അധിക നിരക്ക് അനുവദിച്ചതിന് ആധാരമായ അനുമതി ഉത്തരവ് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 6/31-12-2018) നൽകിയ മറുപടിയിൽ വിവാഹം സാമ്പത്തിക വർഷത്തിന് മുൻപ് നടന്നാലും പ്രൊജക്റ്റ് പ്രകാരമുള്ള തുകക്ക് അർഹതയുണ്ടാവുകയില്ല എന്ന് മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ല എന്നും, ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും ആനുകൂല്യത്തിന് അർഹരായതും 2017-18 വാർഷിക പദ്ധതി പ്രകാരമായത് കൊണ്ടുമാണ് 75000 രൂപ വീതം നൽകിയത് എന്നും അറിയിച്ചു. 01-04-2017 ന് മുന്നേ നടന്ന വിവാഹമാണോ അല്ലയോ എന്ന് പരിശോധിക്കാൻ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കാതിരുന്നതിനാലാണ് 75000 രൂപ വീതം നൽകാനിടയായത് എന്നും മറുപടി നൽകി. കൃത്യ സമയത്ത് അപേക്ഷ സമർപ്പിക്കേണ്ടത് ഗുണഭോക്താവിന്റെ ചുമതലയാണ്. ധനസഹായത്തിന് അപേക്ഷ നൽകിയത് വൈകിയായാലും വിവാഹ ധനസഹായം നൽകേണ്ടത് വിവാഹം നടന്ന തിയ്യതിയുടെ അടിസ്ഥാനത്തിലാണെന്നുള്ളത് വളരെ വ്യക്തമാണ്. ഗുണഭോക്താവിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചക്ക് അധിക ധനസഹായം അനുവദിക്കുന്നത് യുക്തിസഹമല്ല. ആയതിനാൽ 01-04-2017 ന് മുന്നേ നടന്ന വിവാഹമാണോ അല്ലയോ എന്ന് പരിശോധിക്കാൻ മാർഗ്ഗരേഖയിൽ നിഷ്കർശിച്ചിട്ടില്ല എന്ന നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ മറുപടി വസ്തുതക്ക് നിരക്കുന്നതല്ല. അർഹമായതിലും അധികമായി നൽകിയ വിവാഹ ധനസഹായം 225000 (175000 + 50000) രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഇടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. അധിക ചെലവ് 225000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-13 തെരുവ് വിളക്ക് നവീകരണം-രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

വൗച്ചർ നമ്പർ/ചെക്ക് നമ്പർ: 21700605/22.11.17, ചെക്ക് നമ്പർ 486324/22.11.17, തുക 383800/-

പ്രൊജക്റ്റ് നമ്പർ : 189/18

ഈ പദ്ധതി പ്രകാരം തെരുവ് വിളക്ക് നവീകരണത്തിന് ആവശ്യമായ ബൾബ്, അനുബന്ധ വസ്തുക്കൾ എന്നിവ 2മെൻ സൊല്യൂഷൻസ് എടവണ്ണ എന്ന സ്ഥാപനമാണ് വിതരണം ചെയ്തത്. എന്നാൽ ഇത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പത്രമോ മറ്റ് രേഖകളോ ഫയലിൽ ലഭ്യമല്ല.

തെരുവ് വിളക്ക് സ്ഥാപിച്ചത് സംബന്ധിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.12/01.01.19) ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പത്രം ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 383800/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-14 ഹരിത കേരളം-പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചില്ല

പ്രൊജക്ട് നമ്പർ : 198/18- ഹരിത കേരളം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ : 34/24.03.18, 519372/-

ഈ പദ്ധതി പ്രകാരം, ക്ലീൻ കേരള കമ്പനി-(തിരുവനന്തപുരം)യിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് വേണ്ടി പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ 31.03.18ന് പഞ്ചായത്ത് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും, ഇത് സ്ഥാപിക്കുകയോ മെഷീൻ പ്രവർത്തന സജ്ജമാക്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് പ്രകാരം ഒരു വർഷം മാത്രം വാറണ്ടിയുള്ള ഈ മെഷീൻ 9 മാസം കഴിഞ്ഞിട്ടും പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തേണ്ട ഹരിതകർമ്മസേനയുടെ രൂപീകരണം നടന്നിട്ടില്ല. മെഷീൻ ഷെഡ്ഡിൽ ആണ് ഇപ്പോൾ ഉള്ളത്. സംഭരണ കേന്ദ്രം സ്ഥാപിച്ചിട്ടില്ല.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്ത അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.05/31.12.18) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാലാണ് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാഞ്ഞതെന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറക്ക് ഷ്രഡ്ഡിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതാണെന്നും അറിയിച്ചു. ആവശ്യമായ മുന്നൊരുക്കം നടത്തി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 191760 | നെൽകൃഷി പ്രോത്സാഹനം, പ്രൊജക്ട് നമ്പർ:64/17-18 | 191760 | 0 |
| | 2017-18 | 425000 | പച്ചക്കറി പ്രോത്സാഹനം, പ്രൊജക്ട് നമ്പർ:65/17-18 | 425000 | 0 |
| | 2017-18 | 50000 | പാലിന് സബ്സിഡി, പ്രൊജക്ട് നമ്പർ:290/17-18 | 50000 | 0 |
| | 2017-18 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്ട് നമ്പർ:276/17-18 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , പ്രൊജക്ട് നമ്പർ:276/17-18 | 497700 | 2300 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി | അരിയമംഗലം അംഗൻവാടി കെട്ടിട നിർമ്മാണം(194/17-18) | 21700967 ചെക്ക് നം. 3044317/02.03.18 | 580000 | 580000 | ഇല്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -- | 1 | 2012-13 | 2.4 | ലഘു അവലോകനം - ഫ്രണ്ട് ഓഫീസ് പ്രവർത്തനം | -- |
| 2011-12 | 2 | | 3.3 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് - ആരോഗ്യമേഖല | -- |
| 2011-12 | 3(1) | 2014-15 | 4.1 | നിഷ്ക്രിയാസ്തികൾ - അവലോകനം | -- |
| 2011-12 | 3(2) | 2014-15 | 4.2.6 | മണൽ വാരൽ - അവലോകനം | -- |
| 2014-15 | 2(1), 2(2) | 2016-17 | അദ്ധ്യായം-2, അനുബന്ധം-4 | തൊഴിൽ നികുതി, വസ്തു നികുതി-ഈടാക്കാത്തത് സംബന്ധിച്ച് | -- |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-11 | 3-17 | ശ്രീമതി.ശ്രീകല, വി.ഇ.ഒ, ഗ്രാമ വികസന വകുപ്പ് | LF6668/ Spl.Cell/SC /D1/13 /04.04.15 | 102000/- | -- | -- | -- | -- | -- | 102000/- |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 125919416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116311045 |
| വരവിനങ്ങളിലുള്ള നഷ്ടം | 19,894 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,25,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,84,185 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1050 | | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി |
| 2-5 | 12390 | | |
| 2-6 | 4669 | | |
| 2-7 | 1785 | | |
| 3-12 | | 225000 | (1)ശ്രീ. അവിസന്ന പി, അസിസ്റ്റന്റ് സെക്രട്ടറി (1,75,000/-)<br>(2)ശ്രീമതി.ഷൈനി വിശ്വംഭരൻ, അസിസ്റ്റന്റ് സെക്രട്ടറി (50,000/-) |
| ആകെ | 19,894 | 2,25,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 6,72,462 | ശ്രീ.ഉസ്മാൻ പി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-8 | 5,80,000 | |

| | | |
|---|---|---|
| 3-11 | 47923 | ഡോ.മൻസൂർ അലി,മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |
| 3-13 | 3,83,800 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി. |
| ആകെ | 1684185 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5 | 619 | ശ്രീ.ഫാസിൽ ഷാ.ഐ, സെക്രട്ടറി. |
| 2-6 | 230 | |
| 2-7 | 69 | |
| ആകെ | 918 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫാസിൽ ഷാ. ഐ, സെക്രട്ടറി | സെക്രട്ടറി,എടവണ്ണ ഗ്രാമപഞ്ചായത്ത് | ടി.സി 20/1543(1), എഫ്.എസ് കോട്ടേജ്, ശാസ്ത്രി നഗർ വെസ്റ്റ് -41, കരമന.പി.ഒ, പിൻ. 695 002, തിരുവനന്തപുരം. |
| ശ്രീ. അവിസന്ന പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | പെരുമുണ്ട വീട്, കുയ്യംപൊയിൽ, വാണിയമ്പലം പി.ഒ, മലപ്പുറം ജില്ല. പിൻ-679339 |
| ശ്രീമതി.ഷൈനി വിശ്വംഭരൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത്, | ദേവരാഗം, തെക്കേവിള (പി.ഒ), കൊല്ലം – 691 016 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1994-95<br>1995-96 | എൽ.എഫ്.എം.15/615/99 തി.15.09.2010 | 5 |
| 1996-97 | എൽ.എഫ്.എം.15/615/99 തി.15.09.2010 | 3 |
| 1997-98 | എൽ.എഫ്.എം.15/1124/02 തി.15.09.2010 | 17 |
| 1998-99 | എൽ.എഫ്.എം.15/1376/02 തി.15.09.2010 | 15 |
| 1999-00 | എൽ.എഫ്.എം.15/257/03 തി.15.09.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/1650/03 തി.15.09.2010 | 10 |
| 2001-02 | എൽ.എഫ്.എം.6/1651/03 തി.15.09.2010 | 27 |
| 2002-03 | എൽ.എഫ്.എം.6/284/08 തി.15.09.2010 | 3 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.എം.6/285/08 തി.15.09.2010 | 9 |
| 2004-05 | എൽ.എഫ്.എം.6/1740/08 തി.15.09.2010 | 22 |
| 2005-06 | എൽ.എഫ്.എം.6/1840/09 തി.26.12.2011 | 27 |
| 2006-07 | എൽ.എഫ്.എം.8/652/11 തി.05.01.2012 | 13 |
| 2007-08 | എൽ.എഫ്.എം.8/1660/11 തി.26.12.2011 | 5 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.5/2129/12 തി.24.09.2012 | 25 |
| 2011-12 | എൽ.എഫ്.എം.5/3564/14 തി.26.08.2017 | 9 |
| 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.5/1408/15 തി.26.07.2017 | 11 |
| 2014-15 | കെ.എസ്.എ.എം.പി.എം.5/732/16 തി.17.07.17 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.5/2423/16 തി.19.02.18 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.5/1773/17 തി.20.07.18 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.എം.പി.എം.5/1256/2018 കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി:06.09.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ